**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6488** **10-07-2024 - ൽ മറുപടിയ്ക്ക്**

**കിർത്താഡ്‌സിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കിർത്താഡ്‌സിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രമായ പുരോഗതിയെ ലക്ഷ്യമാക്കിയുള്ള ഗവേഷണ, വികസന, പരിശീലന പഠന പ്രവർത്തനങ്ങൾ നടത്തുകയും, അന്യം നിന്നു പോകുന്ന പരമ്പരാഗത കലകളെയും, അറിവുകളെയും സംരക്ഷിക്കുകയും, പരിപോഷിപ്പിക്കുകയും ചെയ്യുക, കൂടാതെ, തെറ്റായ എസ്.സി/എസ്.ടി സാക്ഷ്യപത്രത്തിന്മേൽ 1996 ലെ ആക്ട് 11 പ്രകാരം അന്വേഷണം നടത്തി സ്ക്രീനിംഗ് കമ്മിറ്റിക്കും, സ്ക്രൂട്ടണി കമ്മിറ്റിക്കും റിപ്പോർട്ടുകൾ സമർപ്പിക്കുക തുടങ്ങിയവയാണ് കിർത്താഡ്‌സിന്റെ പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം അനുവദിക്കുന്നതിന് സമർപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് തട്ടിപ്പുകാരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അപേക്ഷകൾ 1996 ലെ ആക്ട് 11 സെക്ഷൻ (6) പ്രകാരം സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് സംശയാസ്പദമായ കേസുകൾ വിശദമായ നരവംശശാസ്ത്ര അന്വേഷണങ്ങൾക്കായി 1996 ലെ ആക്ട് 11 ന്റെ സെക്ഷൻ 6 (2) പ്രകാരം കിർത്താഡ്‌സിലെ എക്സ്പർട്ട് ഏജൻസിക്ക് കൈമാറുകയും, ടി ഏജൻസി അന്വേഷണം നടത്തി എസ്.സി/എസ്.ടി അവകാശവാദം തെറ്റാണെന്ന് കണ്ടെത്തിയാൽ അത്തരം അപേക്ഷകരുടെ എസ്.സി/എസ്.ടി അവകാശവാദം നിരാകരിച്ചു കൊണ്ടുള്ള നരവംശശാസ്ത്ര അന്വേഷണ റിപ്പോർട്ട് സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും, സ്ക്രീനിംഗ് കമ്മിറ്റി ടി റിപ്പോർട്ട് പരിശോധിച്ച ശേഷം പ്രസ്തുത അപേക്ഷകളിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. |
| (സി) | ഇതിന്റെ ഭാഗമായി 2021, 2022, 2023 കാലയളവിൽ ഓരോ ജില്ലയിലും എത്ര ക്രമക്കേടുകൾ | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | |
| (ഡി) | ഇങ്ങനെ കണ്ടെത്തിയവരുടെ പേരിൽ നാളിതുവരെ എന്തെല്ലാം ശിക്ഷാനടപടികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | എസ്.സി/എസ്.ടി അവകാശവാദം തെറ്റാണെന്ന് കണ്ടെത്തുന്നവരുടെ അപേക്ഷ സ്ക്രീനിംഗ് കമ്മിറ്റി നിരസിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**2021, 2022, 2023 കാലയളവിൽ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അപേക്ഷകളിൽ അനർഹരായി കിർത്താഡ്സ് കണ്ടെത്തിയവരുടെ ജില്ല തിരിച്ചുള്ള വിവരം**

| ക്രമ നം. | ജില്ല | 2021 | 2022 | 2023 |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 12 | 20 | 16 |
| 2 | കൊല്ലം | 3 | 4 | 5 |
| 3. | പത്തനംതിട്ട | 4 | 2 | 2 |
| 4. | ആലപ്പുഴ | 3 | 2 | 5 |
| 5. | കോട്ടയം | 4 | 2 | 6 |
| 6. | ഇടുക്കി | 3 | 2 | 6 |
| 7. | എറണാകുളം | 2 | 2 | 5 |
| 8. | തൃശ്ശൂർ | 2 | 1 | 3 |
| 9. | പാലക്കാട് | 2 | 3 | 5 |
| 10. | മലപ്പുറം | 1 | 2 | 5 |
| 11. | കോഴിക്കോട് | 1 | 2 | 5 |
| 12. | വയനാട് | 2 | 1 | 3 |
| 13. | കണ്ണൂർ | 1 | 5 | 3 |
| 14. | കാസർഗോഡ് | 0 | 1 | 2 |
| **ആകെ** | | **40** | **49** | **71** |

**സെക്ഷൻ ഓഫീസർ**